**ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)-റുടെ**

**നടപടിക്രമം**

---

വിഷയം:- ആവഡ - വിജിലൻസ് - എറണാകുളം മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ സീനിയർ നേഴ്സിംഗ് ആഫീസർ ശ്രീമതി. സുധ.പി.ജോൺ-നെതിരെയുള്ള അച്ചടക്ക നടപടി

പരാമർശം:- 1. A5-7709/2022/ജി.മെ.ആ., തീയതി: 08.06.2022
2.ഇ.സി.2-42648/2022/ആവഡ, തീയതി 25.01.2023 പ്രകാരമുള്ള കുറ്റാരോപണ മെമ്മോ.
3.ഇ.സി.2-42648/2022/ആവഡ, തീയതി: 03.10.2023 പ്രകാരമുള്ള നടപടിക്രമം.
4.ഇ.സി.2-1210/2024/ആവഡ, തീയതി:- 21.02 2024 പ്രകാരമുള്ള നടപടിക്രമം.
5.ആരോഗ്യ വകുപ്പ അഡിഷണൽ ഡയറക്ടർ (മെഡിക്കൽ) അംഗീകരിച്ച ഏകപക്ഷീയ റിപ്പോർട്ട്
6. ഇ.സി.2-1210/2024/ആവഡ. തീയതി:- 05.10.2024 പ്രകാരമുള്ള കാണിക്കൽ നോട്ടീസ്

**ഉത്തരവ് നം: ഇ.സി.2-1210/2024/ആവഡ, തീയതി:** 04-03-2025

---

എറണാകുളം മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ സീനിയർ നേഴ്സിംഗ് ആഫീസർ ശ്രീമതി.സുധ.പി.ജോൺ (PEN-605600) വിദേശത്ത് പോകുന്നതിനായി 5 വർഷത്തെ ശൂന്യവേതനാവധിയ്ക്ക് അപേക്ഷ സമർപ്പിക്കുകയും. എന്നാൽ 5 വർഷത്തെ അവധി ഇതിനകം തന്നെ അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ G.O.(P) No.152/2020/Fin. dated: 05.11.2020 പ്രകാരം നിരസിച്ചിരുന്നു. എന്നാൽ ടിയാൾ 60 ദിവസത്തെ അർദ്ധ വേതനാവധിയ്ക്ക് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാതിരിക്കുകയും തുടർന്ന് 01.04.2022 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിന്നതിനാൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ എറണാകുളം മൂവാറ്റുപുഴ ജനറൽ ആശുപത്രി സൂപ്രണ്ടിന്റെ 08.04.2022 തീയതിയിലെ എ2-928/2022 പ്രകാരമുള്ള നിർദ്ദേശം നൽകിയെങ്കിലും ടിയാളിൽ നിന്നും യാതൊരു പ്രതികരണവും ഉണ്ടായില്ല.

01.04.2022 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിന്ന ശ്രീമതി സുധ.പി.ജോൺ ന 1960-ലെ കെ.സി.എസ്.(സി.സി.എ) ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും, ആയത് ടിയാളുടെ മേൽവിലാസത്തിൽ രജിസ്റ്റേർഡ് കത്ത് ആയി അയച്ചുനൽകിയിരുന്നു. ടി കുറ്റാരോപണ മെമ്മോയ്ക്ക് കൈപ്പറ്റ് രസീതോ, പ്രതിവാദ പത്രികയോ സമർപ്പിക്കാത്തതിനെ തുടർന്നു അച്ചടക്ക നടപടിയുടെ ഭാഗമായ ഔപചാരിക അന്വേഷണത്തിന് ആരോഗ്യ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ (നേഴ്സിംഗ് സർവ്വീസസ്)-നെ ഉദ്യോഗസ്ഥയായി

നിയമിക്കുകയും അന്വേഷണത്തിന് ഹാജരാകുവാൻ 25.03.2024, 22.04.2024 എന്നീ തീയതികളിൽ ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തരം അറിയിപ്പ് നൽകിയിരുന്നുവെങ്കിലും അന്വേഷണത്തിന് ഹാജരായിരുന്നില്ല. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുകയും തിരികെ സേവനത്തിൽ പ്രവേശിക്കുവാൻ ഉള്ള മേലധികാരിയുടെ നിർദ്ദേശം പാലിക്കാതെയും, ഔപചാരിക അന്വേഷണത്തിനു ഹാജരാകാതിരിക്കുകയും, ചെയ്ത പ്രവൃത്തി അച്ചടക്കരാഹിത്യവും, സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റചട്ടങ്ങളുടെ ലംഘനവും കടുത്ത അർഹിക്കുന്നതുമാകയാൽ ശ്രീമതി.സുധ.പി.ജോൺ-നെ 1960-ലെ കെ.സി.എസ് (സി.സി.&എ) ചട്ടം 11 (1) (vii) പ്രകാരം സർവീസിൽ നിന്നും പുറത്താക്കുന്നതിന് തീരുമാനിച്ച പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ശ്രീമതി. സുധ.പി.ജോൺ-ന്റെ ലഭ്യമായ മേൽവിലാസത്തിൽ അയച്ചുനൽകിയെങ്കിലും ആയതിന് യാതൊരു മറുപടിയും ടിയാളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

01.04.2022 മുതൽ മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിന്ന ശ്രീമതി സുധ.പി.ജോൺ സേവനത്തിൽ പുനഃപ്രവേശിക്കണമെന്ന മേലധികാരിയുടെ നിർദ്ദേശം അവഗണിക്കുകയും, തുടർന്നു നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് പ്രതിവാദ പത്രിക സമർപ്പിക്കാതിരിക്കുകയും, ഔപചാരിക അന്വേഷണത്തിൽ നിന്നും വിട്ടു നിൽക്കുകയും, നൽകിയ കാണിക്കൽ നോട്ടീസിനു മറുപടി സമർപ്പിക്കാത്തതും ഗുരുതര കൃത്യവിലോപമാണ്. കൂടാതെ ജീവനക്കാർ സർവീസിൽ നിന്നും വിട്ട് നിൽക്കുന്നത്, ആരോഗ്യ വകുപ്പിന്റെ പ്രവർത്തനത്തെ താറുമാറാക്കുകയും, ജനങ്ങൾക്ക് അർഹമായ സേവനം ലഭ്യമാകുന്നതിനു തടസ്സമാകുകയും, ഇത്തരം ജീവനക്കാരെ സേവനത്തിൽ തുടരാനനുവദിക്കുന്നത് സേവനതല്പരരായ അർഹരായ ഉദ്യോഗസ്ഥർക്ക് അവസരം നഷ്ടപെടുത്തുന്നതിനു ഇടയാക്കുകയും ചെയ്യുന്നുണ്ട്. ആതുരസേവനമേഖലയിൽ സേവനം അനുഷ്ഠിക്കുന്ന ഒരു ജീവനക്കാരി സർക്കാരിനെ സേവിക്കാതെയും, അനുമതി കൂടാതെ സേവനത്തിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്നത് അച്ചടക്കരാഹിത്യവും, സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റചട്ടങ്ങളുടെ ലംഘനവും ആണെന്ന് ബോധ്യപെട്ടിട്ടുള്ളതിനാൽ ശ്രീമതി.സുധ.പി.ജോൺ സീനിയർ നേഴ്സിംഗ് ആഫീസറെ 1960-ലെ കെ.സി.എസ് (സി.സി.&എ) ചട്ടം 11 (1) (vi) പ്രകാരം സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഡോ.ഷിനു.കെ.എസ്.,
അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്),
അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) ഇൻ ചാർജ്ജ്.

സ്വീകർത്താവ്:-

Smt: Sudha P John,
kodiyattil (H)

Signed by
Shinu K S
Date: 04-03-2025 17:20:32

Thrikalathoor PO
Mannoor-683541

പകർപ്പ്:-

1) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) എറണാകുളം.
2) ശ്രീമതി.സുധ.പി.ജോൺ, സീനിയർ നേഴ്സിംഗ് ആഫീസർ, ജനറൽ ആശുപത്രി, മൂവാറ്റുപുഴ,
3) സൂപ്രണ്ട്, ജനറൽ ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം
4) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്.
5) ഫയൽ/കരുതൽ ഫയൽ